ഒരു അത്മായ വോട്ടർ B, C, E, G, H, I, K എന്ന ഏഴ് സ്ഥാനാർത്ഥികൾക്കാണ് വോട്ടു ചെയ്യുന്നതെങ്കിൽ അദ്ദേഹം വോട്ടുരേഖപ്പെടുത്തിയ ബാലട്ടു പേപ്പർ താഴെ കൊടുത്തിട്ടുള്ള വിധത്തിൽ ആയിരിക്കും

മേൽപട്ട സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പ്

അത്മായ വോട്ടറന്മാർക്കുള്ള ബാലട്ടു പേപ്പർ

നമ്പർ

സ്ഥാനാർത്ഥികൾ	വോട്ടു രേഖപ്പെടുത്തേണ്ട കളങ്ങൾ
A	
B	✓
C	✓
D	
E	✓
F	
G	✓
H	✓
I	✓
J	
K	✓

മേൽ വിവരിച്ച പ്രകാരം വോട്ടുകൾ രേഖപ്പെടുത്തുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട സംഗതികൾ താഴെ ചേർത്തിരിക്കുന്നു.

1. വൈദിക വോട്ടറന്മാർ അത്മായ വോട്ടറന്മാർക്കുള്ള പോളിംഗ് ബൂത്തുകളിൽ പ്രവേശിക്കുകയോ അത്മായ വോട്ടറന്മാർക്കുള്ള ബാലട്ടുപേപ്പർ ഉപയോഗിക്കുകയോ ചെയ്തുകൂടാ. അതുപോലെതന്നെ അത്മായ വോട്ടറന്മാർ വൈദിക വോട്ടറന്മാർക്കുള്ള പോളിംഗ് ബൂത്തുകളിൽ പ്രവേശിക്കുകയോ വൈദിക വോട്ടറന്മാർക്കുള്ള ബാലട്ടുപേപ്പർ ഉപയോഗിക്കുകയോ ചെയ്തുകൂടാ.

2. വൈദിക വോട്ടറന്മാരുടെ ബാലട്ടുപേപ്പറുകൾ അവയ്ക്ക് പ്രത്യേകം ഉള്ള പെട്ടികളിലും അത്മായ വോട്ടറന്മാരുടെ ബാലട്ടുപേപ്പറുകൾ അവയ്ക്ക് പ്രത്യേകം ഉള്ള പെട്ടികളിലും മാത്രമേ നിക്ഷേപിക്കാൻ പാടുള്ളു.
3. ഒരു സ്ഥാനാർത്ഥിക്ക് എതിരേയുള്ള കളത്തിൽ ഒരു റ്റിക്ക് മാർക്ക് (✓) മാത്രമേ ഇടാൻ പാടുള്ളു.
4. ഏഴിൽ കൂടുതൽ സ്ഥാനാർത്ഥികൾക്ക് എതിരേയുള്ള കളത്തിൽ റ്റിക്ക് മാർക്ക് (✓) ഇടാൻ പാടില്ലാത്തതാകുന്നു
5. റ്റിക്ക് മാർക്ക് (✓) കളങ്ങൾക്കു ചുറ്റുമുള്ളവരികളിൽ വീഴാതെ അവയ്ക്കുള്ളിൽ ഒതുക്കി നിർത്തി ശരിയായ വിധം റ്റിക്ക് മാർക്ക് (✓) ഇടേണ്ടതാകുന്നു.
6. ബാലറ്റുപേപ്പറിൽ മേൽവിവരിച്ചിട്ടുള്ള പ്രകാരം റ്റിക്ക് മാർക്ക് (✓) ഇടുന്നതല്ലാതെ മറ്റ് ഏതെങ്കിലും അടയാളം ഇടുകയോ, എഴുതുകയോ, വരയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.
7. പോളിംഗ് ബൂത്തിൽ വച്ചിരിക്കുന്ന പേനാ കൊണ്ട് മാത്രമേ വോട്ടുരേഖപ്പെടുത്തുവാൻ പാടുള്ളു.
8. മേൽ പറഞ്ഞിട്ടുള്ള ഒന്നുമുതൽ ഏഴുവരെയുള്ള നിയമങ്ങളിൽ ഏതെങ്കിലും ലംഘിച്ച് വോട്ടുകൾ രേഖപ്പെടുത്തിയാൽ അവ അസാധുവായി കണക്കാക്കുന്നതാകുന്നു.

സ്ഥാനാർത്ഥികളുടെ വിജയം നിർണ്ണയിക്കുന്നതെങ്ങനെ?

വോട്ടിംഗിനും ശേഷം A, B, C, D, E, F, G, H, I, J, K എന്നീ സ്ഥാനാർത്ഥികളിൽ ഓരോരുത്തർക്കും കിട്ടിയിട്ടുള്ള പട്ടക്കാരുടെ സാധുവായ വോട്ടുകൾ എത്രയെന്നും അത്മായക്കാരുടെ സാധുവായ വോട്ടുകൾ എത്രയെന്നും പ്രത്യേകം പ്രത്യേകം എണ്ണിതിട്ടപ്പെടുത്തുന്നതും അസോസേഷ്യനിൽ ഹാജരുള്ള പട്ടക്കാരുടെ പകുതിയിലധികം പേരുടെ വോട്ടുകൾ കിട്ടുന്നവർ മാത്രം തെരഞ്ഞെടുക്കപ്പെട്ടതായി നിർണ്ണയിക്കുന്നതും ആകുന്നു. അസോസ്യേഷനിൽ 1000 പട്ടക്കാരും 2000 അത്മായക്കാരും ഹാജരുള്ളപക്ഷം ഒരു സ്ഥാനാർത്ഥി വിജയിച്ചതായി കണക്കാക്കണമെങ്കിൽ അയാൾക്ക് കുറഞ്ഞ പക്ഷം പട്ടക്കാരുടെ 501 വോട്ടുകളും അത്മായക്കാരുടെ 1001 വോട്ടുകളും കിട്ടിയിരിക്കണം. ഒരു സ്ഥാനാർത്ഥിക്ക് പട്ടക്കാരുടെ 1000 വോട്ടു കിട്ടിയാലും

അത്മായക്കാരുടെ വോട്ടുകൾ 1001-ൽ കുറവായിരുന്നാൽ ആ സ്ഥാനാർത്ഥി വിജയിച്ചതായി കണക്കാക്കുകയില്ല. അതുപോലെ തന്നെ ഒരു സ്ഥാനാർത്ഥിക്ക് അത്മായക്കാരുടെ 2000 വോട്ടുകളും കിട്ടിയാലും പട്ടക്കാരുടെ വോട്ടുകൾ 501-ൽ കുറവായിരുന്നാൽ ആ സ്ഥാനാർത്ഥി തെരഞ്ഞെടുക്കപ്പെട്ടതായി കണക്കാക്കുകയില്ല.

അസോസിയേഷൻ യോഗത്തിൽ ഹാജരുള്ള പട്ടക്കാരുടെയും അത്മായക്കാരുടെയും പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം വോട്ടുകൾ കിട്ടുന്ന സ്ഥാനാർത്ഥികളുടെ സംഖ്യ തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സംഖ്യയിൽ കുറവോ ആ സംഖ്യയ്ക്ക് സമമോ അതിൽ കൂടുതലോ ആയെന്നു വരാം. പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം വോട്ടുകൾ കിട്ടുന്ന സ്ഥാനാർത്ഥികളുടെ സംഖ്യ തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സംഖ്യയിൽ കുറവോ അതിന് സമമോ ആയിരുന്നാൽ ആ സ്ഥാനാർത്ഥികൾ എല്ലാവരും വിജയിച്ചതായി നിർണ്ണയിക്കുന്നതാണ്. ഉദാഹരണമായി ഏഴു പേരെ തെരഞ്ഞെടുക്കാൻ നടത്തുന്ന ഒരു തെരഞ്ഞെടുപ്പിൽ പട്ടക്കാരുടെയും അത്മായക്കാരുടെയും പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം കിട്ടുന്ന സ്ഥാനാർത്ഥികളുടെ സംഖ്യ തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സംഖ്യയിൽ കുറവോ അതിന് സമമോ ആയിരുന്നാൽ ആ സ്ഥാനാർത്ഥികൾ എല്ലാവരും വിജയിച്ചതായി കണക്കാക്കപ്പെടും. എന്നാൽ പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം കിട്ടുന്ന സ്ഥാനാർത്ഥികളുടെ സംഖ്യ തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സംഖ്യയിൽ കൂടുതൽ ആയിരുന്നാൽ അവർ എല്ലാവരും വിജയിച്ചതായി നിർണ്ണയിക്കാവുന്നതല്ല. അതുകൊണ്ട് പട്ടക്കാരുടെ വിഭാഗത്തിന്റെ ഭൂരിപക്ഷം വോട്ടുകൾ കിട്ടിയിട്ടുള്ളവരിൽ നിന്നും അത്മായക്കാരുടെ വിഭാഗത്തിന്റെ ഭൂരിപക്ഷം വോട്ടുകൾ കിട്ടിയിട്ടുള്ളവരിൽ നിന്നും ഏറ്റവും കുറവ് വോട്ടുകൾ കിട്ടിയിട്ടുള്ള ഓരോരുത്തരെ നീക്കം ചെയ്യുന്നതും, ശേഷമുള്ളവരുടെ സംഖ്യ തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സംഖ്യയിൽ പിന്നെയും കൂടുതൽ ആയിരുന്നാൽ ശേഷമുള്ളവരിൽ ഏറ്റവും കുറവ് വോട്ടുകൾ കിട്ടിയിട്ടുള്ള ഓരോരുത്തരെ ഇരുഭാഗത്തുനിന്നും വീണ്ടും നീക്കം ചെയ്യുന്നതും, ശേഷിക്കുന്നവരുടെ സംഖ്യ തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സംഖ്യയ്ക്ക് തുല്യമാകുന്നതുവരെ ഈ നടപടി ആവർത്തിക്കുന്നതും ഒടുവിൽ ശേഷിക്കുന്നവർ വിജയിച്ചതായി നിർണ്ണയിക്കുന്നതും ആകുന്നു.

മേൽ വിവരിച്ചിരിക്കുന്ന പ്രകാരം തെരഞ്ഞെടുപ്പു ഫലം നിർണ്ണയിക്കുന്നത് എങ്ങനെ എന്ന് വ്യക്തമാക്കുന്ന ഒരു ഉദാഹരണം താഴെ ചേർക്കുന്നു. മേല്പട്ട സ്ഥാനത്തേക്ക് ഏഴുപേരെയാണ് തെരഞ്ഞെടുക്കേണ്ടതെന്നും A, B C, D, E, F, G, H, I, J, K എന്ന 11 സ്ഥാനാർത്ഥികൾ ഉണ്ടെന്നും വോട്ടു ചെയ്യുവാൻ 1000 പട്ടക്കാരും 2000 അത്മായക്കാരും ഉണ്ടെന്നും സങ്കൽപ്പിക്കുക. തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ എണ്ണം ഏഴ് ആയതുകൊണ്ട് ഓരോ

വോട്ടർക്കും ഏഴ് പേർക്ക് വോട്ടു ചെയ്യാൻ അവകാശമുണ്ട്. ആ കണക്കിൻ പ്രകാരം പട്ടക്കാരുടെ മൊത്തം വോട്ടുകൾ **1000 x 7 = 7000** വും അത്മായക്കാരുടെ മൊത്തം വോട്ടുകൾ **2000 x 7 = 14000** ഉം ആണ്. പക്ഷേ ഇവയിൽ ഏതാനും വോട്ടുകൾ രേഖപ്പെടുത്തിയതിലുള്ള ക്രമക്കേടുകൾ മൂലം അസാധുവായെന്നു വരാം. ചില വോട്ടറന്മാർ വോട്ട് ചെയ്തില്ലെന്നും വരാവുന്നതാണ്. ഈ കാര്യങ്ങൾ പരിഗണിച്ച് ഓരോ സ്ഥാനാർത്ഥിക്കും പട്ടക്കാരുടെ ഭാഗവും അത്മായക്കാരുടെ ഭാഗവും കൊടുക്കുന്ന വോട്ടുകളുടെ സംഖ്യ താഴെ വിവരിച്ചിട്ടുള്ള പ്രകാരമാണെന്നു വിചാരിക്കുക.

സ്ഥാനാർത്ഥികൾ	പട്ടക്കാരുടെ വോട്ടുകൾ	അത്മായക്കാരുടെ വോട്ടുകൾ
A	760	1416
B	310	615
C	782	1414
D	540	1037
E	625	1042
F	660	1420
G	425	1034
H	726	1355
I	667	1591
J	694	1510
K	612	1214
സാധുവായ ആകെ വോട്ടുകൾ	6801	13648
അസാധുവായ വോട്ടുകൾ	115	210
രേഖപ്പെടുത്താതിരുന്ന വോട്ടുകൾ	84	142
ആകെ	7000	14000

വൈദിക വോട്ടറന്മാരുടെ എണ്ണം 1000-വും അത്മായ വോട്ടറന്മാരുടെ എണ്ണം 2000-വും ആയതിനാൽ ഒരു സ്ഥാനാർത്ഥി വിജയിക്കണമെങ്കിൽ കുറഞ്ഞ പക്ഷം 501 വൈദിക വോട്ടുകളും 1001 അത്മായ വോട്ടുകളും അയാൾക്ക് കിട്ടിയിരിക്കണം. അതുകൊണ്ട് 310 പട്ടക്കാരുടെ വോട്ടുകളും 615 അത്മായ വോട്ടുകളും മാത്രം കിട്ടിയിട്ടുള്ള B ഉം 425 വൈദിക വോട്ടുകൾ മാത്രം കിട്ടിയിട്ടുള്ള G-യും പരാജയപ്പെട്ടിരിക്കുന്നു. A, C, D, E, F, H, I, J, K എന്നീ ഒൻപത് സ്ഥാനാർത്ഥികൾക്ക് ഇരുവിഭാഗക്കാരുടെയും ഭൂരിപക്ഷം വോട്ടുകൾ കിട്ടിയിട്ടുണ്ട്. എന്നാൽ ഏഴ് പേരെ മാത്രം തെരഞ്ഞെടുക്കേണ്ടിയിരുന്നതിനാൽ ഒൻപതു പേരും വിജയിച്ചതായി നിർണ്ണയിക്കാൻ പാടില്ല. അതുകൊണ്ട് ഈ ഒൻപതു സ്ഥാനാർത്ഥികളിൽ ഏറ്റവും കുറവ് വൈദിക വോട്ടുകൾ കിട്ടിയ ആളെയും ഏറ്റവും കുറവ് അത്മായ വോട്ടുകൾ കിട്ടിയ ആളെയും ആദ്യം നീക്കം ചെയ്യേണ്ടിയിരിക്കുന്നു. ഈ ഒൻപത് സ്ഥാനാർത്ഥികളിൽ വൈദിക വോട്ടുകൾ ഏറ്റവും കുറവ് കിട്ടിയിട്ടുള്ളത് 540 വോട്ടുകൾ കിട്ടിയിട്ടുള്ള D യ്ക്കാണ്. അത്മായ വോട്ടുകൾ ഏറ്റവും കുറവ് കിട്ടിയിട്ടുള്ളത് 1037 വോട്ടുകൾ കിട്ടിയിട്ടുള്ള D യ്ക്ക് തന്നെ. അതിനാൽ D-യെ ആദ്യമായി നീക്കം ചെയ്യണം. ഇനിയും എട്ട് സ്ഥാനാർത്ഥികൾ ഉണ്ട്. അത് തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സംഖ്യയിൽ കൂടുതൽ ആകയാൽ വൈദിക വിഭാഗത്തിന്റെയും അത്മായ വിഭാഗത്തിന്റെയും ഏറ്റവും കുറവ് വോട്ടുകൾ കിട്ടിയിട്ടുള്ളവരെ വീണ്ടും നീക്കം ചെയ്യേണ്ടിയിരിക്കുന്നു. മേൽപറഞ്ഞ 8 പേരിൽ വൈദിക വോട്ടുകൾ ഏറ്റവും കുറവ് കിട്ടിയിട്ടുള്ളത് Kയ്ക്കാണ്. ഏറ്റവും കുറവ് അത്മായ വോട്ടുകൾ കിട്ടിയിട്ടുള്ളത് Eയ്ക്കുമാണ്. എന്നാൽ അവർ രണ്ടുപേരെയും നീക്കം ചെയ്യുകയാണെങ്കിൽ ശേഷിക്കുന്നവർ A, C, F, H, I, J എന്നീ ആറു സ്ഥാനാർത്ഥികൾ മാത്രമായിരിക്കും. അതെ സമയം ഏഴിൽ കൂടുതൽ സ്ഥാനാർത്ഥികൾക്ക് പട്ടക്കാരുടെയും, അത്മായക്കാരുടെയും പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം കിട്ടിയ നിലയ്ക്ക് ഏഴു സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നത് ഉചിതമായിരിക്കും. അങ്ങനെ വരുമ്പോൾ E, K എന്നീ രണ്ടു സ്ഥാനാർത്ഥികളിൽ ആരെയാണ് നീക്കം ചെയ്യേണ്ടതെന്ന് തീരുമാനിക്കേണ്ടതുണ്ട്. ഇതിനായി E യ്ക്കും, K യ്ക്കും പട്ടക്കാരുടെയും അത്മായക്കാരുടെയും കൂടി മൊത്തം കിട്ടിയ വോട്ടുകൾ കണക്കിലെടുക്കുക. E - യ്ക്ക് (625 + 1042) = 1667 ഉം, K യ്ക്ക് (612+1214) = 1826 ഉം വോട്ടുകൾ കിട്ടിയതായി കാണുന്നു. ആയതിനാൽ മൊത്തം കുറവ് വോട്ടു കിട്ടിയ E യെ തള്ളുക.

A, C, F, H, I, J, K എന്നീ ഏഴു സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പെട്ടതായി പ്രഖ്യാപിക്കുക. ഇങ്ങനെ പട്ടക്കാരുടെയും അത്മായക്കാരുടെയും കൂടി മൊത്തം വോട്ട് കണക്കിലെടുത്ത് ഒരാളെ മാത്രം തള്ളുന്നത് തെരഞ്ഞെടു

ക്കപ്പെടേണ്ടവരുടെ എണ്ണത്തേക്കാൾ കൂടുതൽ സ്ഥാനാർത്ഥികൾക്ക് ഇരുഭാഗത്തെയും അൻപതു ശതമാനത്തിൽ കൂടുതൽ വോട്ടുകൾ കിട്ടുകയും എന്നാൽ അവരിൽ നിന്ന് ഇരുഭാഗത്തുമുള്ള കുറവു വോട്ടു കിട്ടിയ രണ്ടു പേരെ ഒന്നിച്ചു തള്ളുന്ന അവസരത്തിൽ വിജയികളുടെ എണ്ണം നിശ്ചിത എണ്ണത്തേക്കാൾ കുറഞ്ഞു പോകുകയും ചെയ്യുമ്പോൾ മാത്രമാണ്. തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ വോട്ടുകൾ ലഭിച്ച ഒൻപതു പേരിൽ ആദ്യതവണ ഇരുഭാഗക്കാരുടെയും ഏറ്റവും കുറവ് വോട്ടുകൾ കിട്ടിയത് രണ്ട് സ്ഥാനാർത്ഥികൾക്ക് ആയിരുന്നെങ്കിൽ രണ്ടാം തവണ ആരെയും നീക്കം ചെയ്യേണ്ട ആവശ്യം ഇല്ലായിരുന്നു. ഏഴു പേർ തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുമായിരുന്നു. രണ്ടാം പ്രാവശ്യം എട്ടുപേരിൽ ഇരുഭാഗക്കാരുടെയും ഏറ്റവും കുറവ് വോട്ടുകൾ കിട്ടിയത് ഒരു സ്ഥാനാർത്ഥിക്കു തന്നെ ആയിരുന്നെങ്കിലും ഏഴുപേർ തെരഞ്ഞെടുക്കപ്പെടുമായിരുന്നു.

പട്ടക്കാരുടെയും അത്മായക്കാരുടെയും വിഭാഗങ്ങളിൽ ഏതെങ്കിലും ഒരു വിഭാഗം കൊടുത്തിട്ടുള്ള വോട്ടുകൾ രണ്ടോ അതിൽ അധികമോ സ്ഥാനാർത്ഥികൾക്ക് തുല്യമായി വരുമ്പോൾ അവരിൽ ആരെ നീക്കം ചെയ്യണമെന്ന് നിർണ്ണയിക്കുന്നതിന് മറ്റെ വിഭാഗം കൊടുത്തിട്ടുള്ള വോട്ടുകൾ കണക്കിലെടുക്കേണ്ടതും ആ വിഭാഗത്തിന്റെ വോട്ടുകൾ കുറവുള്ളവരെ നീക്കം ചെയ്യേണ്ടതും ആകുന്നു. ഇരു വിഭാഗക്കാരും കൊടുത്തിട്ടുള്ള വോട്ടുകൾ തുല്യമായിരുന്നാൽ ഫലം ചീട്ടിട്ട് നിർണ്ണയിക്കേണ്ടതാകുന്നു.